# കവിതേ, കന്യകേ

സുധീർ പണിക്കവീട്ടിൽ

ചിന്തിക്കയാണു ഞാൻ ചിന്തകളെന്തെന്നു
ചിന്തയില്ലാതെയീ ജീവിതമില്ലെന്നു
എന്നിലെ എന്നെ കവിയാക്കി മാറ്റിയ
കാലങ്ങൾ ഇനിയും തിരിച്ച് വരുമെന്നു
ഈ ഭൂമി തന്നിൽ പതിഞ്ഞെന്റെ പാദങ്ങൾ
എങ്ങും വെളിച്ചം പകർന്ന പകലുകൾ
എന്നെ നടത്തിയ കൈവഴി താരകൾ
ലോകം വലുതെന്ന് കാണിച്ച മോഹങ്ങൾ
ഞാൻ കണ്ട പൊന്നിൻ കിനാവുകൾ
കരളിലെ ചെപ്പിൽ തുളുമ്പി തുടിച്ച് മദിച്ചവർ
ജരാനര കണ്ടെന്റെ തൂലിക തുമ്പത്തൊര-
ജ്ഞാത ജലബിന്ദു പൊട്ടി തകർന്നത്
കാവ്യാംഗനയെന്റെ തോളത്ത് തൂങ്ങിയെൻ
ആത്മവിശ്വാസത്തെ കയ്യിലെടുത്തത്
മുത്തം പകർന്നവൾ ആലിംഗനം കൊണ്ടെൻ
യൗവ്വനം വീണ്ടും തിരിച്ച് പിടിച്ചത്
പേടിക്കയില്ല ഞാൻ വാർദ്ധക്യമേ - എന്റെ
കവിതാനുരാഗിയെന്നരികിലുണ്ടെങ്കിൽ ഞാൻ
പ്രേമിച്ച് പ്രേമിച്ച് ഞാനുമവളുമീ ലോകം
പറുദീസയാക്കി മറിച്ചിടും
ചുംബനലോല നീ കാവ്യാംഗനെയെന്റെ
ചാരത്ത് വന്നിരുന്നൊന്നു ചിരിക്കുക

*************